**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(1) ചട്ടം 47(2) പ്രകാരമുള്ളത്

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) : സർ, 13-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6754- ന്റെ മറുപടിയും യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**(2) ചട്ടം 236(6) പ്രകാരമുള്ള ലിസ്റ്റ്**

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഐ.എം.ജി.യുടെ 2010-2011, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 2010-2011, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

3. ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 2010-2011, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

4. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ 2010-2011, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

5. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് വേി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭവനനിർമ്മാണ വകുപ്പിന്റെ 2010-2011 സാമ്പത്തിക വർഷത്തെയും, നഷ്ടപരിഹാരവും, അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ധനകാര്യ വകുപ്പിന്റെ 2011-2012 സാമ്പത്തിക വർഷത്തെയും ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

6. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കൃഷി എന്ന XXIX-ാം നമ്പർ

ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കൃഷി, മണ്ണു പര്യവേഷണ സംരക്ഷണം എന്നീ വകുപ്പുകളുടെ 2011-12 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

7. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്ക് വേ വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) :

സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന തൊഴിൽ വകുപ്പിന്റെ 2011-12 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

## കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സഭാനേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കാര്യാപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കാര്യാപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.